# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5062 — 23.03.2018 ലെ മറുപടി

## ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം പുനരാരംഭിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആന്റണി ജോൺ :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായ ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുനരുദ്ധാരണം നടത്തി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമെന്ന് 2016 സെപ്റ്റംബറിൽ എം.എൽ.എ.യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അധികൃതർ ഉറപ്പുനൽകിയിരുന്നെങ്കിലും നാളിതുവരെ പ്രവർത്തനം പുനരാരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;<br><br>(ബി) പല്ലാരി മംഗലം, വാരപ്പെട്ടി, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്കും കോതമംഗലം മുനിസിപ്പാലിറ്റിയുടെ വിവിധ മേഖലകൾക്കും പ്രയോജനപ്പെടുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) & (ബി)<br><br>നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായ ജല അതോറിറ്റിയുടെ അധീനതയിലുള്ള ആവോലിച്ചാൽ വല്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുനരുദ്ധാരണം നടത്തുന്നതിനായി ആവശ്യപ്പെട്ടിരുന്നു. വേനൽക്കാലത്ത് കോതമംഗലം പുഴയിൽ വെള്ളം കുറവായതിനാൽ പെരിയാറിൽ നിന്നും ഏകദേശം 8 കിലോമീറ്റർ ദൂരമുള്ള കോതമംഗലം പുഴയിലേക്ക് വെള്ളം പമ്പ് ചെയ്ത് ഈ പുഴയിലേക്കുള്ള KWA പദ്ധതികൾക്ക് ജലലഭ്യത ഉറപ്പാക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 2 പുഴകൾ തമ്മിൽ ബന്ധിപ്പിക്കുന്നതാകയാൽ വിശദമായ സാങ്കേതിക പഠനവും പാരിസ്ഥിതിക പഠനവും നടത്തിയതിനു ശേഷമേ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. |

പാരിസ്ഥിതിക പഠനത്തിന് ഏതെങ്കിലും ഏജൻസിയുടെ സഹായം ലഭ്യമാക്കേണ്ടി വരും. കൂടാതെ രണ്ടു പുഴകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി ആയതിനാൽ പാരിസ്ഥിതിക പഠനത്തിന് മുൻപായി ഇതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**